M 6505

Reg. No.: ..............................

Name : ................................

**II Semester B.Sc.LRP/B.C.A./B.S.W. Degree (CCSS – Reg./Supple./Improve.) Examination, May 2014**
**COMMON COURSE IN MALAYALAM**
**2 A 08 2 MAL : സാഹിത്യരൂപങ്ങൾ**
**(2012 Admn. Onwards)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം 1). **(4×1=4 വെയിറ്റേജ്)**

1) 'കാനാറപ്പാടത്തിനക്കരെത്താമസിക്കുന്ന എലിയെത്തിന്നുന്ന നായ്ക്കന്മാർ അക്കാരണം കൊണ്ടവനെ ഇറക്കിവിട്ടു.'

എ) ആരെയാണ് ഇറക്കി വിട്ടത് ?

ബി) ഏതു കാരണം കൊണ്ട് ?

സി) അവനെ ഓടിച്ചു പാടം കടത്തിയതാര് ?

ഡി) ഏതു കൃതിയിൽ നിന്ന് എടുത്ത വാക്യം ?

2) ''മരിച്ചതെങ്ങനെയെന്നോ ? ...... ഇരുപത്തഞ്ചു വർഷത്തിനുശേഷം സ്വന്തം ഭാഗിനേയൻ ചോദിക്കുന്നു. റഫ്യൂജി ക്യാമ്പിൽ ഭിക്ഷയാചിച്ചു കാശുണ്ടാക്കിയിട്ടാണ് ഞാൻ എല്ലാവർക്കും കമ്പിയടിച്ചത്.''

എ) മരിച്ചതാര് ?

ബി) ആരുടെ വാക്കുകൾ ?

സി) ആരോടാണ് പറയുന്നത് ?

ഡി) ആർക്കാണ് കമ്പിയടിച്ചത് ?

3) ''പോവൂ ആ തൊഴിലില്ലാത്തവരോടു പോയി പറയൂ എനിക്കിന്ന് ആരെയും കാണാൻ സമയമില്ല. എനിക്കിന്നു സുഖമില്ല. ഇതു സന്ദർശന സമയമല്ല.''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടു പറയുന്നു ?

സി) തൊഴിലില്ലാത്തവർ ആര് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

P.T.O.

4) ''ഇവിടെ നിന്നാൽ പ്രിയമല്ലാത്ത ആജ്ഞകൾ ഞാൻ സ്വീകരിക്കേണ്ടി വരും. പഥ്യമല്ലാത്ത യുദ്ധമുറകൾ ഞാൻ ചെയ്യേണ്ടിവരും. ഞാൻ പിരിയുന്നു''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) പിരിഞ്ഞ് എവിടേക്കാണ് അദ്ദേഹം പോയത് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

5) ''നിങ്ങളുടെ ഭർത്താവിന്റെ ജീവനുവേണ്ടി എന്റെ മുൻപില് വന്ന് നിന്ന് നിങ്ങൾക്ക് കരയാം. നിങ്ങളുടെ ഭർത്താവെടുത്ത എന്റെ രഘുവേട്ടന്റെ ജീവൻ തിരിച്ച് തര്വോന്ന് ചോദിച്ച് ഞാൻ കരഞ്ഞാ തര്വോ നിങ്ങള് ''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) കേൾക്കുന്നയാളിന്റെ ഭർത്താവിന്റെ പേരെന്ത് ?

ഡി) ഏതു കൃതിയിൽ നിന്ന് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് 1). **(4×1=4 വെയിറ്റേജ്)**

6) ''മരിക്കുവാൻ യോഗമുണ്ടെങ്കിൽ രോഗി മരിക്കും. നിനക്കും അയാളെ രക്ഷിക്കുവാൻ കഴിയില്ല. ദൈവത്തിലും വലുതാണോ ഡോക്ടർ'' – സന്ദർഭം വിവരിക്കുക.

7) ''കൃഷ്ണൻ കുട്ടിക്ക് ഭൂമിയിലേക്ക് താണു പോകണം എന്നു തോന്നാൻ'' കാരണമെന്താണ് ?

8) 'പെരുമഴക്കാല'ത്തിലെ ആമു എളാപ്പ എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പെഴുതുക.

9) ''ജീവിക്കാൻ മാത്രമല്ല മരിക്കാനും ഒരു മൂല്യമുണ്ടാവണം.'' – വിഭീഷണന്റെ വാക്കുകൾ വിശദീകരിക്കുക.

10) 'മുരുകൻ എന്ന പാമ്പാട്ടി' എന്ന കഥയിലെ 'മുരുകൻ' എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുക.

11) ''ഈ തീപ്പൊരിപ്പെൺകുട്ടി ഇത്ര സെന്റിമെന്റലോ ? ഈ തീക്കുടുക്കയ്ക്കാവരണം തുഷാരബിന്ദുക്കളോ.....?'' – ആരെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത് ? വിശദീകരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തര മെഴുതുക (വെയിറ്റേജ് **2**). **(5×2=10 വെയിറ്റേജ്)**

12) 'ലങ്കാലക്ഷ്മി' എന്ന നാടകത്തിലെ രാവണന് ഇതിഹാസത്തിലെ രാവണനിൽ നിന്നുള്ള വ്യത്യാസമെന്ത് ?

13) അമ്മിണിയോപ്പോളുടെ നമ്പൂതിരിയുമായുള്ള സംബന്ധം മുടങ്ങിയതെങ്ങനെ ?

14) 'പെരുമഴക്കാലം' എന്ന കൃതിക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

15) 'നഷ്ടപ്പെട്ട നീലാംബരി' ഒരു ഭാവഗീതം പോലെ സാന്ദ്രമാണ് എന്ന അഭിപ്രായം പരിശോധിക്കുക.

16) 'മുരുകൻ എന്ന പാമ്പാട്ടി' എന്ന കഥയുടെ ആഖ്യാനകല വിശദീകരിക്കുക.

17) ''ഞാനും ഒരു മനുഷ്യനാണ് .... മനുഷ്യപുത്രിയുടെ മകൻ !.....'' വിശദീകരിക്കുക.

18) 'വാസ്തുഹാരാ'യിൽ പ്രകടമാകുന്ന നഷ്ടപ്പെടുന്നവരുടെ ദൈന്യം വിവരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

19) 'പെരുമഴക്കാലം' മനുഷ്യത്വത്തിന്റെ മഹത്വം വിളിച്ചോതുന്ന കൃതിയാണ് – ചർച്ച ചെയ്യുക.

20) 'ലങ്കാലക്ഷ്മി'യിലെ രാവണന് സി. എൻ. നൽകുന്ന പ്രാമുഖ്യം വിശകലനം ചെയ്യുക.

21) 'ഞാനെന്ന ഭാവത്തി'ന്റെ ആഖ്യാനത്തിൽ മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകൾ സ്വാധീനം ചെലുത്തുന്നതെങ്ങനെ ?

22) എം. പി. നാരായണപിള്ളയുടെ 'മുരുകൻ എന്ന പാമ്പാട്ടി' ആധുനിക മലയാള ചെറുകഥയുടെ ചരിത്രത്തിൽ വരുത്തിയ മാറ്റം വിശദീകരിക്കുക.

23) 'മനുഷ്യപുത്രി' എന്ന കഥ നമ്പൂതിരി സമുദായത്തിനു വന്ന അപചയത്തിന്റെ കഥയാണ് – പരിശോധിക്കുക.

______________